**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :4814** — **19/05/2017 ൽ മറുപടിയ്ക്ക്**

# കശുവണ്ടി വ്യവസായ തൊഴിലാളികൾക്ക് കൂടുതൽ ദിവസം ജോലി

**ചോദ്യം**
**ശ്രീ.റ്റി.വി.രാജേഷ്**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂടുതൽ ദിവസം ജോലി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവും മൂലം അടഞ്ഞു കിടന്നിരുന്ന കശുവണ്ടി ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെ കാഷ്യു കോർപ്പറേഷന്റേയും കാപെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിച്ചു . കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി കാഷ്യു കോർപ്പറേഷനും കാപെക്സും ശേഖരിച്ചു വരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ശേഖരിക്കുന്നതിനും വ്യവസായരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു സ്പെഷ്യൽ പെർപ്പസ് വെഹിക്കിൾ കേരള കാഷ്യു ബോർഡ് എന്ന പേരിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തോട്ടണ്ടി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി കേരളത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി പ്ലാന്റർമാരുമായും ബന്ധപ്പെട്ട് വരുന്നു.<br><br>2017-18 ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും, ഭാഗികയന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നത് എളുപ്പമാക്കുന്നതിന് കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക 80 കോടി രൂപ നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കി കോർപ്പറേഷനെ കടത്തിൽ നിന്നും മോചിപ്പിച്ചു. |
| (ബി | കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | | സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കെ.എസ്.എ.സി.സി. കശുമാവ് കൃഷിയിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി സൗജന്യമായി ഉയർന്ന ഗുണനിലവാരമുള്ള തൈകളും സബ്സിഡിയും നൽകുന്ന പദ്ധതിയാണ് കെ.എസ്.എ. സി.സി. നടപ്പിലാക്കുന്നത്. 5 ഏക്കറിൽ കൂടുതൽ സ്ഥലമുള്ള കശുമാവ് കൃഷിയിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി സ്ഥലം ഒരുക്കുന്നതിന് ധനസഹായവും സൗജന്യമായി തൈകളും നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ കശുമാവിൻ തൈ വച്ചു പിടിപ്പിക്കുന്നതിനായി കൃഷിയ്ക്ക് ഉപയോഗ യോഗ്യമായ സ്ഥലങ്ങൾ തിട്ടപ്പെടുത്തുന്നതിനും തുടർന്ന് സർക്കാർ അനുമതി പത്രത്തിന് വിധേയമായി കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷന്റെ |

| | | |
|---|---|---|
| | | കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽ പാദന ശേഷിയുള്ള 2 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കശുമാവ് കൃഷി വികസനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ 35 രൂപാ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്തു വരുന്നുണ്ട്. കോർപ്പറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 5500 ഓളം കശുമാവ് തൈകൾ പുതുതായി നടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.<br>എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു വരുന്നു. സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്തിട്ടുള്ള പരിസ്ഥിതിക്ക് ദോഷം വരുന്ന അക്കേഷ്യ പോലുള്ള മരങ്ങൾക്ക് പകരം കശുമാവ് കൃഷി ചെയ്യുന്നകാര്യവും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ